നമ്പർ:

# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

## പത്മവിലാസം സ്ട്രീറ്റ്, ഫോർട്ട്, നാലുമുക്ക്, പഴവങ്ങാടി, തിരുവനന്തപുരം.

## വിജ്ഞാപനം

**സൂചിക: G.O.(Ms.)No.132/2018/H.Edn Dated 11/06/2018**

## 2018–19 ലെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2018–19 വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ-3 year) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**
   1) **നേറ്റിവിറ്റി :** അപേക്ഷകൻ ഇന്ത്യൻ പൗരൻ ആയിരിക്കണം
   2) **വിദ്യാഭ്യാസ യോഗ്യത:**

   അപേക്ഷാർത്ഥികൾ മാത്തമാറ്റിക്സ് ഒരു വിഷയമായി 10+2 തലത്തിലോ, ബിരുദ തലത്തിലോ പഠിച്ച് 3 വർഷം ദൈർഘ്യമുള്ള ഡിഗ്രി പരീക്ഷ 50% മാർക്കോടെ പാസായിരിക്കണം. എസ്.സി/എസ്.ടി വിഭാഗക്കാർ ഡിഗ്രി പരീക്ഷാ പാസായാൽ മാത്രം മതിയാകും. എന്നാൽ മറ്റ് സംവരണ വിഭാഗക്കാർ ആകെ 45% മാർക്ക് നേടിയിരിക്കണം.

   ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിക്കുന്നവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ, അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച മറ്റേതെങ്കിലും സർവ്വകലാശാലയിൽ നിന്നോ യോഗ്യതാ പരീക്ഷാ പാസായിരിക്കണം. മേൽപ്പറഞ്ഞ യോഗ്യത പരീക്ഷയ്ക്കുള്ള അവസാന വർഷ പരീക്ഷ ഈ വർഷം എഴുതുന്നവർക്കും/എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ അഡ്മിഷൻ സമയത്ത് പ്രസ്തുത പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റും പൂർണ്ണമായ മാർക്ക് ലിസ്റ്റുകളും ഹാജരാക്കേണ്ടതാണ്.

3. **പ്രവേശന പരീക്ഷ :** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് 01.07.2018 ന് (ഞായർ) ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണി വരെ പ്രവേശന പരീക്ഷ നടത്തുന്നതാണ്. മാത്തമാറ്റിക്സ്, സ്റ്റാറ്റിറ്റിക്സ്, ക്വാൻഡിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, ലോജിക്കൽ എബിലിറ്റി, ജനറൽ ഇംഗ്ലീഷ്, എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 100 ചോദ്യങ്ങളും, രണ്ട് മണിക്കൂർ ദൈർഘ്യവും ഉണ്ടായിരിക്കുന്നതാണ്.

4. **അപേക്ഷിക്കേണ്ട വിധം:** എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി 2018 ജൂൺ 14 മുതൽ ജൂൺ 21 വൈകുന്നേരം 5 മണി വരെ വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

5. **അപേക്ഷാ ഫീസ്:** ജനറൽ/ എസ്.ഇ.ബി.സി വിഭാഗത്തിന് 1000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 500 രൂപയുമാണ് അപേക്ഷാ ഫീസ്. കേരളത്തിൽ നിന്നുള്ള അപേക്ഷകർ

വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: ഓൺലൈൻവഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം A4 സൈസ് കവറിൽ 2018 ജൂൺ 23 ന് വൈകുന്നേരം 5 മണിക്കു മുമ്പ് രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേനയോ നേരിട്ടോ, ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷ അടങ്ങിയ കവറിന് പുറത്ത് മുകളിലായി '(എം.സി.എ) കോഴ്സ് 2018-19 പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. തപാൽ ലഭിക്കുന്നതിനുള്ള കാലതാമസത്തിന് എൽ.ബി.എസ് സെന്റർ ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതല്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും എൽ.ബി.എസ്സ് ഡയറക്ടറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിനോടൊപ്പം ഉൾകൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

10. അപേക്ഷകർക്ക് എം.സി.എ പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് 2018 ജൂൺ 25 മുതൽ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാ ഹാളിൽ കൊണ്ടു വരേണ്ടത്. പ്രവേശന പരീക്ഷയ്ക്കു പങ്കെടുപ്പിക്കുന്നത് താൽക്കാലികമായിട്ടായിരിക്കും.

11. പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് എൽ.ബി.എസ്സ് ഡയറക്ടർ നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

12. 2018-19 എം.സി.എ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയുടേയും അലോട്ടുമെന്റിന്റേയും വിശദാംശങ്ങളടങ്ങുന്ന പ്രോസ്പെക്ട്സ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
DIRECTOR OF TECHNICAL EDUCATION
THIRUVANANTHAPURAM

തിരുവനന്തപുരം
13.06.2018

എം.സി.എ-2018, dte © Tvpm